




## കൂട്ടുകാരേ, കേട്ടോളിൻ...

വായിച്ചും പഠിച്ചും മടുക്കുമ്പോൾ എന്തെങ്കിലും കുത്തിക്കുറിക്കണമെന്നു തോന്നുന്നവരുണ്ടാവാം. കഥയാവട്ടെ, കവിതയാവട്ടെ, ചിന്തയാവട്ടെ, ചിത്രമാവട്ടെ - ഞങ്ങൾക്ക് അയച്ചുതരിക. ഉചിതമായവ പ്രസിദ്ധീകരിക്കുന്നതാണ്. ഒപ്പം, ഏതു മേഖലയിലായാലും കഴിവു തെളിയിച്ചവരെ പരിചയപ്പെടുത്തുകയുമാവാം.

വിലാസം: പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ - 686 575

# പാട്ടുവഴിയിൽ പുല്ലാങ്കുഴൽനാദവുമായി അലൻ





വിദ്യാഭ്യാസസമ്പ്രദായം വിപ്ലവകരമായ മാറ്റങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലമാണിത്. ഇന്റർനെറ്റിന്റെ വിസ്മയലോകം സൃഷ്ടിക്കുന്ന അനന്തസാധ്യതകൾ, കുട്ടികളുടെ പഠനമേഖലകളെയെന്നല്ല, അവരുടെ സകലവിജ്ഞാനതൃഷ്ണകളെയും ശമിപ്പിക്കാൻ പര്യാപ്തമായിരിക്കുന്നു. മനസ്സുണ്ടോ, എന്തും പറഞ്ഞുതരാൻ ഒരു വിദ്വൽസദസ്സുതന്നെ യൂട്യൂബിലും മറ്റും നിരന്നിരിക്കുന്നു.

കഴിവും വാസനയുമുള്ളവർക്ക്, ഗുരുമുഖത്തുനിന്നു നേരിട്ടു പഠിക്കാതെ തന്നെ ഇന്റർനെറ്റ് സഹായത്തോടെ തങ്ങളുടെ കലാഭിരുചികളെ വളർത്തിയെടുക്കാമെന്നതിന്റെ മികച്ച ഉദാഹരണമാണ് അലൻ എന്ന കൊച്ചുമിടുക്കൻ. നല്ലൊരു ഗായകൻകൂടിയായ അലൻ യൂട്യൂബ് ക്ലാസുകളിലൂടെ ഒരു മികച്ച പുല്ലാങ്കുഴൽവാദകനായിരിക്കുന്നു. ഗുരുമുഖത്തുനിന്നു പഠിക്കേണ്ട പാഠങ്ങളൊക്കെ ഒരു വർഷംകൊണ്ട് യൂട്യൂബിൽനിന്നു പഠിച്ചെടുത്തു അലൻ.

വിളക്കുമാടം സെന്റ് ജോസഫ്സ് ഹൈസ്കൂളിൽനിന്ന് പത്താം ക്ലാസ് പാസ്സായ അലൻ പ്ലസ്‌വൺ പ്രവേശനത്തിനു തയ്യാറെടുക്കുകയാണ്.

അലന്റെ മാനസഗുരു പ്രശസ്ത പുല്ലാങ്കുഴൽ വാദകൻ രാജേഷ് ചേർത്തലയാണ്. ഓൺലൈൻ ക്ലാസുകളിലുണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കുന്നതും രാജേഷ് ചേർത്തലയെ ഫോണിൽ വിളിച്ചാണ്. യൂട്യൂബിൽ രാജേഷിന്റെ കലാപ്രകടനം കണ്ടാണ് അലൻ പുല്ലാങ്കുഴലിന്റെ ആരാധകനും ഉപാസകനുമായി മാറിയത്.

പലതരത്തിലുള്ള ഓടക്കുഴലുകളുണ്ടെങ്കിലും അവ വിലകൊടുത്തു വാങ്ങുന്നത് ബുദ്ധിമുട്ടായതിനാൽ തനിക്കാവശ്യമുള്ളവ അലൻ സ്വന്തമായി നിർമിക്കുകയായിരുന്നു. മുളന്തണ്ടുകൊണ്ട് അലൻ പലയിനം ഓടക്കുഴലുകൾ നിർമിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയയിൽ 'അലൻ പാലാക്കാരൻ' എന്ന പേരിൽ സ്വന്തം കലാപ്രകടനങ്ങളിലൂടെ ശ്രദ്ധേയനായിക്കഴിഞ്ഞു ഈ കൊച്ചുകലാകാരൻ.

വിളക്കുമാടം തച്ചേത്തുപറമ്പിൽ ജോമോന്റെയും ലിന്റയുടെയും മകനാണ് അലൻ. പാറമടത്തൊഴിലാളിയായിരുന്ന ജോമോൻ അപകടത്തെത്തുടർന്ന് ലോട്ടറിക്കച്ചവടം നടത്തിവരികയാണ്. സഹോദരി ദിയ ആറാംക്ലാസ് വിദ്യാർത്ഥിനിയാണ്. ■

# പാണന്റെ എഫ്.എം. വേർഷനുകൾ



ആൽബിൻ കൊട്ടാരം

മലനാടിന്റെ മണമുള്ള മരതകഭാഷയുടെ മറുനാടൻ മിടിപ്പുകൾ ചാർത്തിയ സങ്കരയിനത്തിന്റെ വിപ്ലവമാണ് ഉത്തരാധുനികതയുടെ ഉച്ചിയിലെ മലയാളം. മണിപ്രവാളത്തിന്റെ മണികിലുക്കങ്ങളിൽനിന്നു ആംഗലേയജനുസ്സുകളിൽപ്പെട്ട വാക്കുകളോടുരഞ്ഞലിഞ്ഞ് സമൂഹമാധ്യമങ്ങൾ വിടർത്തിയടർത്തിയെടുത്ത പുത്തൻമലയാളത്തിന് പച്ചമലയാളപ്രണയത്തിലമർന്നവരുടെ കണ്ണിൽ വികലമാക്കപ്പെട്ട രൂപമായിരിക്കുമെന്ന് തോന്നുന്നു. എഴുത്തച്ഛനും ചെറുശ്ശേരിയും കുഞ്ചൻനമ്പ്യാരും എ.ആറും വൈലോപ്പിള്ളിയും ജിയും വള്ളത്തോളും ചങ്ങമ്പുഴയും കടന്ന് സുഭാഷ്ചന്ദ്രനും എസ്. ജോസഫും കെ.ആർ. മീരയുമെല്ലാം മലയാളത്തിന്റെ സാഹിത്യശിഖയെ തേജോമയമാക്കിക്കൊണ്ടിരിക്കുമ്പോൾ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സമൂഹമാധ്യമങ്ങൾ വല്ലാത്ത അലംഭാവമാണ് മലയാളത്തോടു പുലർത്തുന്നത്.



പ്രൗഢവും ധീരവുമായ ശ്രേഷ്ഠഭാഷയെന്ന നിലയിൽ മലയാളത്തിന് അന്തസ്സും ആഭിജാത്യവുമുണ്ട്. കാലത്തിന്റെ മാറ്റത്തെ ഉൾക്കൊള്ളാൻ തയ്യാറാകണമെന്ന് ഒരു പക്ഷം. മലയാളത്തിന്റെ അസ്തിത്വം കളങ്കപ്പെട്ടുവെന്ന് മറുപക്ഷം. ഇതിനിടയിൽ നട്ടംതിരിയുന്ന സാധാരണക്കാരൻ കയ്യാലയിലെ നാളികേരത്തിന്റെ അവസ്ഥയിലാണ്.

അമ്മിഞ്ഞപ്പാലിന്റെ കഥയും കവിതയും കേട്ട് മാതൃഭാഷാദിനത്തെ കൊണ്ടാടുന്ന തലമുറയുടെ ആയുസ്സ് ചുരുക്കമാണ്. പുരോഗമനം സംസ്കാരത്തിൽ മാത്രമല്ല, ഭാഷയിലുമാവാമെന്നു വിശ്വസിക്കാനാണ് ഇഷ്ടം. എന്നിരിക്കിലും ഉദ്ദേശ്യശുദ്ധിയുടെ മാത്രം അളവുകോലിൽ ഭാഷയെ തളയ്ക്കാനും വയ്യ.

പ്രവചനസിദ്ധിയുള്ള പഴമക്കാർ പണ്ടേ കുറിച്ചുവച്ചിരുന്നു: 'അധികമായാൽ അമൃതും വിഷം.' വാട്സാപ്പ് ചാറ്റുകളുടെ ദുർബലമായ ശരീരങ്ങൾ കണ്ട് സഹതപിക്കുന്ന ഭാഷാസ്നേഹി നഷ്ടപ്പെട്ടുപോയ കത്തുകളിലെ ആഢ്യത്വമുള്ള അക്ഷരങ്ങളെയോർത്ത് നെടുവീർപ്പിടുകയാണ്. ആകാശവാണിയുടെ സുന്ദരമായ ഘടനയെ ചിതറിച്ചുകളഞ്ഞുകൊണ്ടായിരുന്നു എഫ്.എം. സ്റ്റേഷനുകളുടെ ആവിർഭാവം. വി.എം. ഗിരിജയ്ക്ക് നാവിനുള്ളിലെ സരസ്വതിയിലായിരുന്നു വിശ്വാസമെങ്കിൽ ആർജെ നീനയും ഫൈസലുമൊക്കെ ബഹുഭാഷാസമ്മിശ്രമായ വാക്ശരങ്ങളിൽ പുഴപോലെ, കായൽപോലെ ഒഴുകുകയാണ്. അവിടെ സീമകളും നിയമങ്ങളും ലംഘിക്കപ്പെട്ടു. പക്ഷേ, സംശയം ഇനിയും ബാക്കിയാണ്.

വികാരങ്ങളുടെ നേരിട്ടുള്ള പ്രകടനങ്ങളിൽ പുത്തൻഭാഷകളുടെ ആരാധകരാണധികവും. ഭാഷ, വിനിമയത്തിനുള്ളതാണെന്ന പ്രഥമതത്ത്വമാണ് പരിണാമത്തിന്റെ അടിസ്ഥാനം. എന്നിരിക്കിലും ഭാഷ ഒരു ശാസ്ത്രമാണെന്ന് യുവതലമുറ മറന്നുപോകുന്നു. പച്ചമലയാളത്തിനുവേണ്ടി ജീവിതം ഹോമിച്ച മഹാന്മാരുടെ നാട്ടിൽ അപമാനിതയാകുന്ന മലയാളത്തെ ഏറെ വിഷമത്തോടെ നോക്കിനിൽക്കുന്നവരുടെ എണ്ണം ചെറുതല്ല.

പ്രണയത്തിന്റെ നിസ്വാർത്ഥതയും ആർദ്രതയും ബലികളും ഉദ്ഘോഷിച്ച ലീലയും നളിനിയുമെല്ലാം ഇരുപത്തൊന്നാം നൂറ്റാണ്ടിന് അസ്വീകാര്യമായിത്തുടങ്ങിയോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു.

പെണ്ണും കാമവും ദളിതരും കറുപ്പും വിശപ്പിനെക്കാൾ പ്രമേയമാക്കപ്പെട്ടപ്പോൾ ഭാഷയുടെ പരിണാമത്തിന് ആശയപരിണാമവുമായി ബന്ധമുണ്ടോയെന്നുകൂടി ചിന്തിക്കണം. അടിച്ചമർത്തപ്പെട്ടവന്റെ ഉയിർപ്പുകൾ 'വാഴക്കുല'യിൽ നിന്നും കുടിയൊഴിപ്പിക്കലിൽ നിന്നും ഒരുപാടു വഴിമാറിയിരിക്കുന്നു. തിരക്കഥകളുടെ തീവ്രമായ ഭാഷയായിരിക്കും ഈ പതിറ്റാണ്ടിനു കൂടുതൽ പരിചയം. സംസാരഭാഷയുടെ സാധാരണത്വം പോലും നഷ്ടപ്പെടുന്നു. അനിതരസാധാരണമായ പ്രയോഗങ്ങളാണ് ഉദ്ഭവിച്ചികൊണ്ടിരിക്കുന്നത്.

വായനശാലകളുടെ വിശാലമായ ഷെൽഫുകളിൽ ചിതൽവീണു തുടങ്ങിയപ്പോൾ, പ്രഭാതത്തിലെ ചായക്കോപ്പ മണക്കുന്ന വർത്തമാനപ്പത്രം അപ്രസക്തമാകുമ്പോൾ, സാങ്കേതികവിദ്യയുടെ അതിപ്രസരത്തിലമർന്ന് ഭാഷയുടെ അന്തർലീനമായിരിക്കുന്ന ആത്മാവിനെ നഷ്ടപ്പെടുന്നുവെന്നത് വേദനാജനകമായ സത്യംതന്നെയാണ്. മംഗ്ലീഷും ടാഗുകളും വിനിമയത്തിനുപകരിക്കുമെന്നത് അപരാധമല്ലാത്ത കാര്യമാണെന്നിരിക്കിലും, കാത്തുസൂക്ഷിച്ച പൈതൃകവും കുലീനത്വവും നഷ്ടപ്പെടാതെ 'മലയാള'ത്തെ സംരക്ഷിക്കാൻ ഒരുപിടി മലയാളസ്നേഹികൾ എല്ലാക്കാലത്തും അവശേഷിക്കുമെന്ന പ്രതീക്ഷ ബാക്കിയാകുന്നു. പരിണാമങ്ങളിൽപ്പെട്ടുഴലുന്ന ലോകത്തിന്, ശിഥിലമായ ഒരു മലയാളത്തെയല്ല പ്രതാപമുള്ള ഒരു ശ്രേഷ്ഠഭാഷയെയാണ് പകർന്നുനൽകേണ്ടത്. ■

# അച്ഛൻ പറയുന്നത്



**അക്ഷയ വിജയൻ**
എം.കോം. രണ്ടാംവർഷം
സെന്റ് തോമസ് കോളജ്, പാലാ



കാലികപ്രസക്തിയുള്ള കലാസൃഷ്ടികളാൽ വായനക്കാരുടെയുള്ളിൽ നിത്യസാന്നിധ്യമാണ് മലയാളത്തിന്റെ സുവർണ കഥാകാരൻ പത്മരാജൻ. വ്യത്യസ്തങ്ങളായ, എന്നാൽ, തികച്ചും പ്രസക്തമായ ആശയങ്ങളുടെ അവതരണത്തിൽ മുന്നിട്ടുനില്ക്കുന്ന എഴുത്തുകാരനാണ് പത്മരാജൻ.

മലയാളസാഹിത്യത്തിൽ ചെറുകഥകൾക്കുള്ള പ്രാധാന്യം വളരെ വലുതാണ്. സങ്കീർണമല്ലാത്ത ഭാഷാപ്രയോഗങ്ങളും അതിമൂല്യവത്തായ ആശയങ്ങളും വായനക്കാരിലേക്കു പകർന്നുതരുന്നതിൽ ചെറുകഥാസാഹിത്യത്തിന്റെ പങ്കു ചെറുതല്ല.

പത്മരാജന്റെ ചെറുകഥയായ 'അച്ഛൻ' സമൂഹത്തിൽ പറഞ്ഞുവയ്ക്കുന്ന ആശയം എക്കാലവും പ്രസക്തമാണ്. വാർദ്ധക്യം, പിറവിയെടുത്തിട്ടുള്ള എല്ലാവരും കടന്നുപോകേണ്ടുന്ന ഒരു കാലഘട്ടമാണ്. മനുഷ്യജീവിതത്തിലെ രണ്ടാം ശൈശവമായാണ് വാർദ്ധക്യത്തെ കാണുന്നത്.

കഥയിലെ പിതാവും വാർദ്ധക്യസഹജമായ പീഡകളാൽ കഷ്ടതയനുഭവിക്കുന്ന വ്യക്തിയാണ്. തന്റെ മകനോടു സംസാരിക്കുന്ന അച്ഛനും അദ്ദേഹത്തിന്റെ മനോവിചാരങ്ങളുമാണ് കഥയുടെ കാതൽ. വ്യത്യസ്തമായ രണ്ടു കാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നവരാണ് അച്ഛനും മകനും. കിടപ്പുരോഗിയായ പിതാവ് തന്റെ, ഇനിയുള്ള ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ കൈവെടിയുകയാണ്. എന്നാൽ, മകൻ തന്റെ അപ്പനെ തന്നാലാകുംവിധം വാക്കുകളിൽ ആശ്വസിപ്പിക്കുന്നു. ജീവിതത്തിന്റെ അവസാനനാളുകളിൽ സ്വന്തം മക്കളുടെ സാന്നിധ്യം അത്യധികം ആശിക്കുന്ന അച്ഛൻ ഇന്നത്തെ കാലഘട്ടത്തിന്റെ നേർച്ചിത്രമാണ്. എന്നാൽ, അത് സഫലീകരിക്കപ്പെടാത്തതിന്റെ സൂചന കഥയിലുണ്ട്. നിസ്സാരമെന്നു തോന്നുന്ന ചില ആഗ്രഹങ്ങൾപോലും സാഫല്യം നേടാത്തതിലുള്ള അച്ഛന്റെ നിരാശ, താൻ തന്റെ കിടക്കയിലിരുന്നു കാപ്പി കുടിക്കാൻ പറഞ്ഞിട്ടും മകൻ നടത്തിക്കൊടുക്കാതിരിക്കുന്ന സന്ദർഭത്തിൽ വ്യക്തമാണ്.

'ഞാനും പണ്ട് ഇങ്ങനായിരുന്നു...' എന്ന അച്ഛന്റെ സംഭാഷണത്തിലൂടെ തന്റെ യൗവനത്തിലെ പ്രതിരൂപമായ മകനെയും എഴുത്തുകാരൻ വരച്ചുകാണിക്കുന്നു. ഈ മകനും ഒരു കാലഘട്ടത്തിന്റെ പ്രതിനിധിയാണ്. സ്വന്തം അസ്തിത്വത്തിനുവേണ്ടി, തന്റെ അഭിരുചിക്കും കഴിവിനും ചേരാത്ത തൊഴിലിലേക്കു തിരിയുന്ന ഒരു തലമുറയെ എഴുത്തുകാരൻ മകനിലൂടെ വരച്ചുകാണിക്കുന്നു. മകൻ പോയതിനുശേഷവും ആളൊഴിഞ്ഞ മുറിയിൽ അച്ഛൻ നടത്തുന്ന സംഭാഷണം ജീവിതത്തിന്റെ അവസാനകാലത്തേക്കു മാറ്റിവയ്ക്കപ്പെടുന്ന, നിഷ്ഫലമായ വൃദ്ധസ്വപ്നങ്ങളെയാണ് വരച്ചുകാണിക്കുന്നത്.

കഥയുടെ അവസാനഭാഗത്തിൽ കടന്നുവരുന്ന അമ്മ ദാമ്പത്യജീവിതത്തിന്റെ അടിത്തറ ചൂണ്ടിക്കാണിക്കുന്നു. മകൻ ജോലിക്കായി ദൂരേക്കു പോകുമ്പോഴും പരസ്പരം തുണയാകുന്ന പങ്കാളിത്തത്തെക്കൂടിയാണ് അമ്മയുടെ കഥാപാത്രം നമുക്കു പറഞ്ഞുതരുന്നത്.

ആരോഗ്യവും സമ്പത്തുമുള്ള കാലഘട്ടത്തിൽ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്ന, ശിഷ്ടകാലം താനും പരിപാലിക്കപ്പെടുമെന്നു ചിന്തിക്കുന്ന മാതാപിതാക്കളെ അച്ഛൻ എന്ന കഥയിൽ നമുക്കു കാണാം. എന്നാൽ, മക്കളുടെ സാമീപ്യമാഗ്രഹിക്കുന്ന സമയത്ത് അടുത്തില്ലാതെ വരുമ്പോൾ അവരനുഭവിക്കുന്ന മാനസികസംഘർഷങ്ങൾ ഭാവമനോഹരമായി പത്മരാജൻ ഈ കഥയിൽ ആവിഷ്കരിക്കുന്നു.

വ്യത്യസ്തങ്ങളായ രണ്ടു കാലഘട്ടങ്ങളെയും സാഹചര്യങ്ങളെയും ലളിതമായ വാക്കുകളിലൂടെ വായനക്കാരിലെത്തിക്കുന്നതിൽ പത്മരാജൻ വിജയിച്ചിരിക്കുന്നു. ■

കവിത



**അലീന വർക്കി**
ക്ലാസ് VII,
സെന്റ് മേരീസ് എച്ച്.എസ്. എസ്.
തിക്കോയി

# മഴ



മഴ എന്റെ സ്വപ്നമായ്
മഴ എന്റെ ദിനമായ്
മഴ എന്റെ നയനമായ്
മഴ എന്റെ നാട്യമായ്
മഴ എന്റെ നടനമായ്
മഴ എന്റെ വാടിയിൽ
തിളങ്ങിനിൽക്കും.
ഒരു നറുപൂവായ്
കുഞ്ഞുമക്കൾക്കു കണിയാകാൻ
ദിനങ്ങൾ സുന്ദരമാക്കാൻ
മനസ്സിനു കുളിർമഴയാകും
ഒരു മനോഹര കുളിർക്കാറ്റായ്
അമ്മയായ്
മഴയെൻ മനസ്സിൽ നിറഞ്ഞുനിൽക്കും
ചിലപ്പോൾ കണ്ണീർക്കടലായ്
സന്തോഷം വാരി വിതറും
പുഞ്ചിരിത്തോട്ടമായ്
എൻ മനസ്സിലെ ഒരു
വർണചിത്രമായ് മഴയെന്നും
എൻ മുന്നിൽ നിറഞ്ഞുനില്ക്കും. ■

എന്റെ വര



**ആരാധ്യ അനിൽ**
ക്ലാസ് V
എ.ആർ.എസ്,
ഭരണങ്ങാനം









# അതിജീവനത്തിന്റെ വിജയമന്ത്രം



**ആൻ മരിയ തോമസ്**
ബി.എ. സൈക്കോളജി ഒന്നാംവർഷം
ക്രൈസ്റ്റ്ജയന്തി കോളജ്, ബാംഗ്ലൂർ



മേശപ്പുറത്തിരുന്ന കടലാസുകഷണങ്ങൾ അടുക്കിവയ്ക്കുകയായിരുന്നു. അപ്പോഴാണ് അതു ശ്രദ്ധയിൽപ്പെട്ടത്: ഒരു പഴകിയ പത്രക്കടലാസ്. എടുത്തുനോക്കിയപ്പോൾ അതിൽ വളരെ വ്യത്യസ്തമായ ഒരു ചിത്രം: ചേറും വെള്ളവും നിറഞ്ഞ ചെളിക്കുണ്ടിൽനിന്ന് ഒരു ചിറകുള്ള മനുഷ്യൻ പറന്നുയരുന്നു. ശ്രദ്ധിച്ചുനോക്കിയാൽ കാണാം; അവന്റെ ദേഹത്തുള്ള അഴുക്കുതുള്ളികൾ ചോർന്നൊലിച്ച് ആ ചെളിക്കുണ്ടിലേക്കാണു വീഴുന്നത്. ഒരു കൗതുകത്തിന്റെ പിന്നാലെ വീണ്ടും പോയപ്പോഴാണ് കാര്യം പിടികിട്ടിയത്. അതു വേറൊന്നുമല്ല, 1981 ലുണ്ടായ ഒരു ചുഴലിക്കാറ്റിൽ മിനസോട്ട എന്ന പട്ടണത്തിൽ എന്തു സംഭവിച്ചു എന്ന കഥയായിരുന്നു.

യു.എസിലെ മിനസോട്ട എന്ന പട്ടണത്തിലെ ഒരു ചെറുനഗരമാണ് റോസ്‌വില്ല. 1981 ജൂൺ 14 ന് അവിടെ ആഞ്ഞടിച്ച ചുഴലിക്കാറ്റ് ആ ജനതയ്ക്കു നിരവധി നാശനഷ്ടങ്ങൾ ഉണ്ടാക്കി. അതിലൊന്നായിരുന്നു 'Sound of Music' എന്ന ഇലക്ട്രോണിക്സ് കമ്പനിയുടെ നാശം. ഏതായാലും അന്തരീക്ഷം ഒന്നു തണുത്തപ്പോഴേക്കും ഇവർ ഉള്ളതെല്ലാം പെറുക്കിക്കൂട്ടി ഒരു ടൊർണാഡോ സെയിൽ (Tornado sale) ആരംഭിച്ചു. ന്യായമായ വിലയ്ക്ക് വിലപേശലില്ലാതെയുള്ള കച്ചവടം നാളുകൾ നീണ്ടു. പിന്നീട് ചുഴലിക്കാറ്റ് ഉണ്ടായില്ലെങ്കിലും ടൊർണാഡോ സെയിൽ അവർ തുടർന്നു. പിൽക്കാലത്ത് ഇവർതന്നെയാണ് "Best Buy" എന്ന ലോകത്തിലെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് കമ്പനി അതിജീവനത്തിലെ വ്യത്യസ്തരാകുന്നത്.

പാബ്ലോ പിക്കാസോയുടെ ഒരു വാക്യമാണ് ഇപ്പോൾ ഓർമ വരുന്നത്. "Every act of creation is first an act of destruction" ഈ 'destruction' ചിലപ്പോൾ ഒരു മരം വന്നു പതിക്കുംപോലെ തീവ്രവും ശക്തവുമായിരിക്കാം. എന്നാൽ, ജീവന്റെ തെളിവ് വളർച്ചയാണ്. ഒരു വിത്തു വളർന്നു ചെടിയാകും പോലെ നിശ്ശബ്ദമാണത്. അതിനാൽ നമുക്കു വളരാം; അതിജീവിക്കാം. ■

# പുഴയുടെ ഓളങ്ങൾ

പുഴയുടെ താളംതല്ലും ഓളങ്ങളും
ഓളത്തിനൊത്തിണങ്ങി വരുന്നൊരീ
സംഗീതം പുഴയോടിണങ്ങി വന്നു
മുടിയിഴകൾ തഴുകുന്ന കാറ്റും
പാറക്കല്ലിലിരുന്ന് പാദസരങ്ങൾ കിലുക്കി
കാലിട്ടടിക്കുന്ന പെൺകുട്ടി
അവളുടെപാദസരത്തിൻ ഒച്ചകൾ
എത്ര മനോഹരം ആ കിലുക്കം
ആ മനോഹര കിലുക്കം
ഓളത്തിലിണങ്ങി വരുന്ന
സംഗീതത്തിൽ അലിഞ്ഞു ചേർന്നു
എത്ര സുന്ദരമാണീ
പുഴയുടെ ഓളവും താളവും ■



**രേവതി എസ് പ്രസാദ്**
ക്ലാസ് VII
ജി.യു.പി.സ്കൂൾ
തലക്കാണി, കൊട്ടിയൂർ

# നിനക്കെന്താ കരച്ചില് വരാത്തേ?

കവിത



കാവ്യ ഭാസ്കർ
എം.എ. മലയാളം
രണ്ടാം വർഷം
ദേവമാതാ കോളജ്
കുറവിലങ്ങാട്



മരിച്ച വീട്ടിൽ വന്ന കുട്ടിക്ക്
എല്ലാം കൗതുകമായിരുന്നു.
മണിയടി,
പൂജ,
ചന്ദനഗന്ധം.

റീത്ത് പൊതിഞ്ഞു കിടന്ന
കാർന്നോരുടെ പാതികോടിയ
വായ കണ്ട് കുട്ടിക്ക് ചിരി പൊട്ടി

യ്യോ....! ചിരിക്കല്ലേ

കുഞ്ഞിപ്പോക്കറ്റിലെ മാസ്ക്
കുട്ടിയെ രക്ഷിച്ചു.

നെഞ്ചിടിച്ചു കലക്കി
ചുറ്റും ആരൊക്കെയോ
കരയണുണ്ട്,
മിന്നിമോളും കരയണുണ്ട്,
ല്ലാരും കരയണുണ്ട്,
നിക്കെന്താ കരച്ചില് വരാത്തേ?
ആരും കാണാതെ
മൊന്തേലെ വെള്ളത്തിൽ
കണ്ണൊന്ന് നനച്ചു!

ദേ മേശേമ്മേ, ബണ്ണും പഴോം!
യ്യോ..! എടുക്കല്ലേ ...
ഞാൻ കരഞ്ഞോണ്ടിരിക്കുവല്ലേ! ■

# കനൽവഴിയിലും പറന്നുയർന്ന്



ജോഷ്വ വർഗീസ്
ക്ലാസ് X, ഹോളി ഗോസ്റ്റ് ബി.എച്ച്.എസ്.
മുട്ടുചിറ

**ലോ**കചരിത്രത്തിൽ ഒരിക്കലും മറക്കാനാകാത്ത രണ്ടാം ലോകമഹായുദ്ധത്തിന്റെ ഭീകരതയെ പുറംലോകത്തിനു വിവരിച്ചു കൊടുത്തത് ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകളാണ്.




ലോകത്ത് ഒരു മനുഷ്യന് ഒരിക്കലും ചിന്തിക്കാനാകാത്ത വഴികളിലൂടെയാണ് ആനിന്റെ ജീവിതം കടന്നുപോയത്. ജൂതന്മാരോട് അതിക്രൂരത കാണിച്ച ജർമൻഭരണാധികാരിയാണ് ഹിറ്റ്ലർ. ജൂതനായതുകൊണ്ടുമാത്രം മരണത്തിലേക്കു തള്ളപ്പെട്ട ആയിരക്കണക്കിനു ജനങ്ങളിൽ ഒരാളായിരുന്നു ആൻ. 1943 ൽ നാസികളെ പേടിച്ച് ആൻ ഉൾപ്പെടെ എട്ടുപേർ ഒളിവിൽ താമസിക്കുന്നതാണ് ആൻ ഈ ഡയറിയിലൂടെ പറയുന്നത്. ക്രൂരമായ മർദനവും പുറത്തെപ്പോഴും മുഴങ്ങുന്ന വെടിയൊച്ചയുമാണ് ആനിന്റെ ജീവിതത്തിലെ നിത്യസംഭവങ്ങൾ. അതൊരു 15 വയസ്സുകാരിക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

ആയിരക്കണക്കിനു കാരണങ്ങൾ സങ്കടപ്പെടാൻ തന്റെ ജീവിതത്തിൽ ഉണ്ടായിരുന്നിട്ടും സന്തോഷിക്കാനുള്ള ഒരവസരവും ആൻ നഷ്ടപ്പെടുത്തിയിരുന്നില്ല. തന്റെ ദുഃഖങ്ങൾക്കിടയിലും തനിക്കുണ്ടായ കൊച്ചുകൊച്ചു സന്തോഷങ്ങളെപ്പറ്റി എഴുതാൻ ആൻ മറന്നില്ല എന്നത് അദ്ഭുതാവഹമായ കാര്യമാണ്. തന്റെ പിറന്നാൾ, തന്റെ അമ്മയുടെ പിറന്നാൾ, തന്റെകൂടെയുള്ളവരുടെ പിറന്നാൾ, ക്രിസ്മസ് തുടങ്ങിയ എല്ലാ ആഘോഷങ്ങളിലും ആൻ സന്തോഷം കണ്ടെത്തി.

രണ്ടാംലോകമഹായുദ്ധത്തിൽ ജൂതന്മാർ അനുഭവിച്ച യാതനകൾ ഒരു ജൂതൻതന്നെ വിവരിക്കുന്ന ലോകത്തിലെതന്നെ ഏറ്റവും പ്രശസ്തമായ രചനകളിലൊന്നായി ഇന്നും നിലനില്ക്കുന്നു, 'ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ' ■

# പ്രതിബന്ധങ്ങളെ തകർത്തവൾ

കഥ



അമല ജോഷ്നി വി.ജി.
Ist Year, GNM Student
MMC, Pala

**ഇ**പ്പോൾ അവൾ ഒരു ഡോക്ടറാണ്. ലോകം അറിയപ്പെടുന്ന കാർഡിയോളജിസ്റ്റ്. പേര് എഡ്വി. ജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളെയെല്ലാം മറികടന്നാണ് അവൾ ഈ നിലയിലെത്തിയത്. വളരെ വേദനാജനകമായിരുന്നു അവളുടെ ജീവിതം. ഒന്നിനു പിറകേ ഒന്നായി ദുരന്തങ്ങൾ അവളെ വേട്ടയാടിക്കൊണ്ടിരുന്നു. എഡ്വിക്ക് ഒരു സഹോദരിയുണ്ട്: എൽവി. അവളിപ്പോൾ നേവൽ ബേസിൽ പഠിക്കുന്നു. എഡ്വിക്കു നാലു വയസ്സുള്ളപ്പോൾ അച്ഛൻ അവരെ ഉപേക്ഷിച്ചുപോയി. അമ്മ നേഴ്സ് ആയിരുന്നു.

എഡ്വി അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോൾ അമ്മയ്ക്ക് ബ്ലഡ് ക്യാൻസറാണെന്നു കണ്ടെത്തി. പല ഡോക്ടേഴ്സും അമ്മയെ മാറി മാറി ചികിത്സിച്ചു. അന്ന് അവൾക്ക് ഡോക്ടറാകണമെന്ന ആഗ്രഹം ജനിച്ചു. കാരണം, എല്ലാ ഡോക്ടേഴ്സും വളരെ സ്നേഹപൂർവമാണ് അമ്മയെ ചികിത്സിച്ചത്. പക്ഷേ, അമ്മയുടെ അവസ്ഥ ഒന്നിനൊന്നിനു മോശമായിക്കൊണ്ടിരുന്നു. ഇത് അവളെ ദൈവത്തിലേക്ക് ഒത്തിരി അടുപ്പിച്ചു. ദിവസവും പള്ളിയിൽ പോയി പ്രാർത്ഥിക്കുമായിരുന്നു. ഒരു മെഴുകുതിരിയെങ്കിലും ദിവസവും കത്തിക്കുമായിരുന്നു. ദൈവത്തിനല്ലാതെ മറ്റാർക്കും തന്റെ അമ്മയെ രക്ഷിക്കാൻ കഴിയില്ലെന്ന് ആ ദിവസങ്ങളിൽ അവൾ വിശ്വസിച്ചു. അവസാനം പ്രതീക്ഷകളെ തകർത്തെറിഞ്ഞുകൊണ്ട് എഡ്വി എട്ടാംക്ലാസ്സിൽ പഠിക്കുമ്പോൾ അമ്മ എന്നന്നേക്കുമായി യാത്രയായി. അപ്പോൾ അനുജത്തി എൽവി അഞ്ചാം ക്ലാസ്സിലായിരുന്നു. ഇപ്പോൾ അവൾക്ക് അവളുടെ അനുജത്തിയും അനുജത്തിക്ക് അവളും മാത്രമായി.

പഠിക്കണം, അനിയത്തിയെയും പഠിപ്പിക്കണം എന്നുള്ള ചിന്ത അവളെ ഉണർത്തി. എഡ്വി അങ്ങനെ പഠിത്തത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. തന്റെ അമ്മയെ തന്നിൽനിന്നു പറിച്ചെടുത്ത ദൈവത്തോട് അവൾക്കു വല്ലാത്ത ദേഷ്യമുണ്ടായിരുന്നു. എപ്പോഴും ദൈവത്തെ പഴിക്കുമായിരുന്നു. കാരണം, അമ്മ രോഗാവസ്ഥയിൽനിന്നു പൂർണമായി മോചിതയാകുമെന്നുള്ള ഉറച്ച വിശ്വാസമാണ് അവിടെ തകർക്കപ്പെട്ടത്. പിന്നെന്തിന് ദൈവത്തോടടുക്കണമെന്ന് അവൾ ചിന്തിച്ചു. അങ്ങനെ ആ വർഷവും കടന്നുപോയി. ഓരോ ദിവസവും മുന്നോട്ടു പോകുന്തോറും വാശി അവളിൽ വർദ്ധിച്ചു.

എഡ്വി ഇപ്പോൾ പത്തിലാണ്. വളരെ തീവ്രമായ പരിശ്രമം. അതിലേറെ കഠിനാദ്ധ്വാനം. അങ്ങനെ ആ ദിനം വന്നെത്തി. എസ്.എസ്.എൽ.സി. എക്സാം. എല്ലാ വിഷയങ്ങൾക്കും താൻ ജയിക്കുമെന്ന ദൃഢനിശ്ചയത്തോടെയാണ് എക്സാം എഴുതിയത്. അങ്ങനെ അതും കഴിഞ്ഞു. റിസൽട്ടിനുള്ള കാത്തിരിപ്പായി.

റിസൽട്ടറിഞ്ഞപ്പോൾ എന്തെന്നില്ലാത്ത ആഹ്ലാദം അവളിൽ തിരതല്ലി. താൻ എല്ലാ വിഷയത്തിലും മുഴുവൻ എ പ്ലസോടെ വിജയിച്ചിരിക്കുന്നു. അവൾ ഓടിച്ചെന്ന് ഈശോയുടെ തിരുസ്വരൂപത്തിനു മുന്നിൽ കമിഴ്ന്നുവീണു കരഞ്ഞു. താൻ ഇത്രയും നാൾ പഴിച്ച, തള്ളിക്കളഞ്ഞ ദൈവത്തോടു മാപ്പപേക്ഷിച്ച് നന്ദി പറഞ്ഞ് ആ ദിവസത്തെ സുന്ദരമാക്കി. ദൈവവുമായുള്ള ആ പഴയ ബന്ധത്തിന് ദൃഢത കൂട്ടി. അങ്ങനെ എഡ്വി തന്റെ മുമ്പിലുണ്ടായിരുന്ന പ്രതിബന്ധങ്ങളെയെല്ലാം തകർത്തെറിഞ്ഞുകൊണ്ട് മുന്നോട്ടുകുതിച്ചു. ■

## എന്റെ വര



അഞ്ജന എസ് മണി
ലോഡ്സ് അക്കാദമി
ഫോർ മെഡിക്കൽ
കോഡിങ്, തൊടുപുഴ





